**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1855**
**16.02.2016 ലെ മറുപടിയ്ക്ക്**

## കോ-ഇൻഷ്വറൻസ് സംവിധാനം.

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.എ.മാധവൻ**<br>,, **എ.പി.അബ്ദുള്ളക്കുട്ടി**<br>,, **അൻവർ സാദത്ത്**<br>,, **കെ.ശിവദാസൻ നായർ** | **ശ്രീ. ഉമ്മൻചാണ്ടി**<br>ബഹു: മുഖ്യമന്ത്രി |
| (എ) ഈ സർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് കോ- ഇൻഷ്വറൻസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; | കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കോ-ഇൻഷ്വറൻസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ ഏർപ്പെടുന്നതുകൊണ്ട് സർക്കാരിന്റെ പബ്ലിക് അക്കൗണ്ടിലേയ്ക്ക് വലിയൊരു തുക സമാഹരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ, സഹകരണ സ്ഥാപനങ്ങൾക്ക് സംതൃപ്തമായ ഇൻഷ്വറൻസ് ഇടപാട് വകുപ്പ് മുഖേന നടത്തുന്നതിനും ഈ സംവിധാനം ഉപകരിക്കുന്നതാണ്. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | കോ-ഇൻഷ്വറൻസ് സംവിധാനം നടപ്പാക്കുന്നതിലേക്കായി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളായ യുണൈറ്റെഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി, നാഷണൽ ഇൻഷ്വറൻസ് കമ്പനി, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എന്നിവയുമായി സഹകരിച്ച് സർക്കാർ കോ-ഇൻഷ്വറൻസ് ഉടമ്പടി ഒപ്പുവച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി സർക്കാർ തലത്തിൽ അവലോകനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ